# അനുബന്ധം-3

1. ടെൻഡർ സമർപ്പിക്കേണ്ട വിധം: ഒരു കവറിൽ ടെൻഡറിൻെറ 'ഒറിജിനൽ'ഫോറം പൂരിപ്പിച്ച് ഏറ്റവും കൂടുതൽ മാസ വാടക രേഖപ്പെടുത്തി, എല്ലാ പുറങ്ങളുടെയും അടിയിൽ ഒപ്പിട്ട് ഉള്ളടക്കം ചെയ്യുകയും മറ്റൊരു കവറിൽ നിരതദ്രവ്യവും (500 sq.ft വരെ 25,000/-രൂപയും 501 sq.ft മുതൽ 2500 sq.ft വരെ അപേക്ഷിക്കുന്നവർക്ക് 50,000/-രൂപയും, 2500 sq.ft ന് മുകളിൽ അപേക്ഷിക്കുന്നവർക്ക് 1,00,000/-രൂപയും) ടെൻഡർ ആപ്ലിക്കേഷൻ ഫീസ്സായ 2,360/-രൂപയും RTGS/NEFT/Account transfer മുഖേന കെ.റ്റി.ഡി.എഫ്.സിയുടെ 67225827664 (SBI puthenchanthai, IFSC Code-SBIN0070026) എന്ന ബാങ്ക് അക്കൗണ്ട് നമ്പറിലേക്ക് ഒടുക്കി ആയതിൻെറ രസീത്/വിശദാംശംങ്ങൾ ഉള്ളടക്കം ചെയ്ത ശേഷം ഈ രണ്ടു കവറുകളും കൂടി മൂന്നാമതൊരു കവറിൽ അടക്കം ചെയ്ത് അതിൻെറ പുറത്ത് 'KSRTC Bus Terminal Complex at Thampanoor-Allotment of ……….space" (വാടകയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തിൻെറ ടെൻഡറിനോടൊപ്പമുള്ള സ്കെച്ചിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ), എന്ന് വ്യക്തമായി രേഖപ്പെടുത്തി **17/02/2025 വൈകുന്നേരം 3 മണിക്ക്** മുൻപ്, പ്രിൻസിപ്പൽ പ്രോജക്ട് കൺസൽട്ടൻറ്, കെ.റ്റി.ഡി.എഫ്.സി. ആറാം നില, ട്രാൻസ് ടവ്വേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം-695014 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.
2. ബേസ്മെൻറിലെയും എട്ടാം നിലയിലെയും സ്ഥലം ആവശ്യമുള്ളവർ ടെൻഡറിനോടൊപ്പം ഫ്ലോർ പ്ലാൻ സ്കെച്ചിൽ പ്രസ്തുത സ്ഥലം അടയാളപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
3. ടെൻഡർ ചെയ്യാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ വാടക ടെൻഡറിൻെറ സംജ്ഞകളും വ്യവസ്ഥകളും (terms and conditions) എന്നതിൽ വിവരിച്ചിട്ടുള്ള പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിൽ മാറ്റം വരുത്തുന്നതല്ല. വാടകയുടെ പിന്നീടുള്ള വർദ്ധനവ് സംജ്ഞകളും വ്യവസ്ഥകളും (terms and conditions) 1 എന്നതിൽ വിവരിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

4. ടെൻഡർ ഉറപ്പിക്കുന്നത് ടെൻഡറിലോ, ലേലത്തിലോ ഏറ്റവും കൂടുതൽ മാസ വാടക വാഗ്ദാനം ചെയ്യുന്ന വ്യക്തിക്കോ/ സ്ഥാപനത്തിനോ ആയിരിക്കും.
5. തപാൽ/കൊറിയർ മാർഗ്ഗങ്ങളിലൂടെയോ, നേരിട്ടോ ടെൻഡർ സ്വീകരിക്കുന്നതാണ്.
6. **ടെൻഡർ ഉള്ളടക്കം ചെയ്ത മാസ്റ്റർ കവറിനു പുറത്ത് തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സിൽ................സ്ഥലത്തിനു വേണ്ടിയുള്ള ടെൻഡർ എന്നു നിർബന്ധമായും എഴുതിയിരിക്കണം.** ടെൻഡർ സമർപ്പിക്കുന്ന വ്യക്തി ഏതു സ്ഥലത്തിനു വേണ്ടിയാണ് ടെൻഡർ സമർപ്പിക്കുന്നതെന്ന് വ്യക്തമാക്കിയിരിക്കണം.
7. ടെൻഡർ ഉള്ളടക്കം ചെയ്ത കവറിനോടൊപ്പം ടെൻഡർ സമർപ്പിച്ച വ്യക്തിയുടെ/സ്ഥാപനത്തിൻെറ ഐഡൻറിറ്റി (identity) തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻെറ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉണ്ടായിരിക്കണം.
8. മേൽപ്പറഞ്ഞ മൂന്ന് കവറുകളുടെയും പുറത്ത് ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിൻെറ ശരിയായ മേൽ വിലാസവും ടെലിഫോൺ നമ്പറും (മൊബൈൽ നമ്പർ ഉണ്ടെങ്കിൽ അതും) വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ഏതു സ്ഥലത്തിനു വേണ്ടിയാണ് ദർഘാസ് സമർപ്പിക്കുന്നതെന്ന് മൂന്നു കവറുകളിലും രേഖപ്പെടുത്തേണ്ടതാണ്.
9. ടെൻഡർ ഫാറത്തിൻെറ ഡ്യൂപ്ലിക്കേറ്റ് പൂരിപ്പിച്ച് ടെൻഡർ സമർപ്പിച്ച വ്യക്തിക്ക്/ സ്ഥാപനത്തിന് സൂക്ഷിക്കാവുന്നതാണ്.
10. താമസിച്ചു ലഭിക്കുന്ന ടെൻഡറുകൾ നിരസിക്കുന്നതാണ്.
11. പ്രത്യേകം നമ്പറിട്ട് സ്ഥലങ്ങൾക്കു മാത്രമേ ടെൻഡർ സമർപ്പിക്കാവൂ. അതായത് ലോബി, വരാന്ത മുതലായ സ്ഥലങ്ങൾക്ക് സമർപ്പിക്കുന്ന ടെൻഡറുകളും നിരസിക്കപ്പെടുന്നതാണ്.
12. കൂടുതൽ സ്ഥലം ആവശ്യമുള്ള വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്. എന്നാൽ അവർ ക്വോട്ടു ചെയ്ത ഏറ്റവും വലിയ തുക ആ സ്ഥലങ്ങൾക്ക് നൽകേണ്ടതാണ്.
13. ദർഘാസ് സമർപ്പിച്ച വ്യക്തിക്കോ, സ്ഥാപനത്തിനോ വേണ്ടി സമർപ്പിച്ച് വ്യക്തിക്കോ, ലേല നടപടികളിൽ പങ്കെടുക്കുന്നതിന് സാധിക്കുന്നില്ലെങ്കിൽ പകരക്കാരനെ നിയോഗിക്കാവുന്നതാണ്.

അത്തരത്തിൽ പങ്കെടുക്കുന്ന വ്യക്തി ദർഘാസ് സമർപ്പിച്ച വ്യക്തിയുടേയോ/ സ്ഥാപനത്തിൻേറയോ 'അധികാരപ്പെടുത്തൽ പത്രം' (authorization letter) സമർപ്പിക്കേണ്ടതും ആ വ്യക്തിയുടെ ഫോട്ടോ പതിപ്പിച്ച ' ഐഡൻറിറ്റി പ്രൂഫ്' (identity proof) നല്കേണ്ടതുമാണ്. അല്ലാത്തപക്ഷം അപ്രകാരമുള്ളവരെ ലേല നടപടികളിൽ ഒരു കാരണവശാലും പങ്കെടുപ്പിക്കുന്നതല്ല.

14. ലേല നടപടികൾ **2025 ഫെബ്രുവരി മാസം 22-ാം** തീയതി രാവിലെ **11.30** മണി മുതൽ കെ.റ്റി.ഡി.എഫ്.സി.യുടെ ഹെഡ് ഓഫീസിൽ വച്ച് ആരംഭിക്കുന്നതാണ്.

sd/-

**പ്രിൻസിപ്പൽ പ്രോജക്ട് കൺസൽട്ടൻറ്**